**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീ. എ.പി. വേണുഗോപാലൻ ഫയൽ ചെയ്തിരുന്ന WP(C)21811/16 ഹർജിയിൻമേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം പാലിച്ച് ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീ. എ. പി. വേണുഗോപാലനെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ(എം.എസ്)നം.47/2018/തസ്വഭവ തീയതി,തിരുവനന്തപുരം,23/04/2018**

---

പരാമർശം : 1. സ.ഉ(പി) നം.501/2005/ധന, തീയതി 25.11.2005
2. ബഹു. കേരള ഹൈക്കോടതിയുടെ 28.06.2016 ലെ WP(C)21811/16 നമ്പർ വിധിന്യായം.
3. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2017 ലെ ഇ 9-31567/16 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ. എ.പി. വേണുഗോപാലൻ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)21811/16 നമ്പർ ഹർജിയിൻമേൽ പരാമർശം (2) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള 28.06.2016 ലെ വിധിന്യായത്തിൽ എക്സിബിറ്റ്-പി3 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 1996 മുതൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ. എ.പി. വേണുഗോപാലനെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസലാണ് എക്സിബിറ്റ്-പി3. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള പ്രകാരം ശ്രീ. എ.പി. വേണുഗോപാലനെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്ര പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ 409.85 ചതുരശ്രമീറ്റർ സ്വീപ്പിംഗ് ഏര്യ നിലവിലുണ്ട്. ആയതിനാൽ പരാമർശം (1) ലെ ഉത്തരവിൻ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാവുന്നതും 1996 മുതൽ ദിവസവേതനത്തിൽ സ്വീപ്പറായി

ജോലി ചെയ്തുവരുന്ന ശ്രീ. എ.പി. വേണുഗോപാലനെ സ്ഥിരപ്പെടുത്താവുന്നതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീ. എ. പി. വേണുഗോപാലനെ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.
ശ്രീ. എ.പി. വേണുഗോപാലൻ , പാർട്ട് ടൈം സ്വീപ്പർ, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
(സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല മുഖേന)
സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/48/2017/Fin. തീയതി 16.03.2018 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/135/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ